സുപ്രഭാതം

28 August 2025

# ആഴക്കടൽ അന്നമാണ് അതിഥി തൊഴിലാളികൾക്ക്

## സംസ്ഥാനത്തെ സമുദ്രമത്സ്യബന്ധന മേഖലയിൽ 58 ശതമാനവും ഇതര സംസ്ഥാനക്കാർ

**കൊച്ചി ▸** കേരളത്തിൽ സമുദ്രമത്സ്യബന്ധനത്തിന് പോകുന്നവരിൽ 58 ശതമാനവും അതിഥി തൊഴിലാളികളെന്ന് പഠനം. സംസ്ഥാനത്തെ യുവതലമുറ ഈ രംഗത്തെ തൊഴിലിൽ താൽപര്യം കാണിക്കാത്തതും ഇവിടുത്തെ ഉയർന്ന വേതനവും ആവശ്യകതയുമാണ് അതിഥി തൊഴിലാളികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതെന്നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) നടത്തിയ പഠനം ചൂണ്ടിക്കാട്ടുന്നു.

കേരളത്തിലെ യന്ത്രവൽകൃത മത്സ്യബന്ധന മേഖലയിൽ ഏറ്റവും കൂടുതൽ അതിഥി തൊഴിലാളികൾ ഉള്ളത് എറണാകുളം ജില്ലയിലെ മുനമ്പം തുറമുഖത്താണ്. 78 ശതമാനം. പ്രധാനമായും തമിഴ്നാട്, പശ്ചിമ ബംഗാൾ, ഒഡിഷ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് മത്സ്യബന്ധന മേഖലയിലുള്ളത്. സംസ്കരണ യൂനിറ്റുകളിൽ 50 ശതമാനവും വിപണന രംഗത്ത് 40 ശതമാനവും ഇതരസംസ്ഥാന തൊഴിലാളികളാണ്. സംസ്ഥാനത്തെ യുവതലമുറയിലുള്ളവർ സമുദ്രമത്സ്യ മേഖലയിൽ ഉപജീവനം തേടാൻ താൽപര്യപ്പെടുന്നില്ലെന്നും പഠനം വെളിപ്പെടുത്തുന്നു.

തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾ വരുമാനത്തിന്റെ 20-30% സമ്പാദ്യവും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ഭവന നിർമാണത്തിനും ചെലവഴിക്കുമ്പോൾ, അതിഥി തൊഴിലാളികൾ വരുമാനത്തിന്റെ 75% വരെ നാട്ടിലുള്ള കുടുംബങ്ങൾക്ക് അയക്കുന്നു. തദ്ദേശീയരേക്കാൾ കുറഞ്ഞ വരുമാനമാണ് ഇതര സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് ലഭിക്കുന്നത്. ഇക്കാര്യത്തിൽ ഇവർ വിവേചനം നേരിടുന്നുണ്ടെന്നും പഠനം ചൂണ്ടിക്കാട്ടുന്നു. വരുമാനക്കുറവ്, കടബാധ്യത, ഓഫ്സീസണിലെ തൊഴിലില്ലായ്മ തുടങ്ങിയവയാണ് തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രധാന ബുദ്ധിമുട്ടുകൾ.



യുവതലമുറ സമുദ്രമത്സ്യ മേഖലയിൽ ഉപജീവനം തേടാൻ താൽപര്യപ്പെടുന്നില്ലെന്നും പഠനം

രാജ്യത്തെ സമുദ്രമത്സ്യബന്ധന മേഖലയിലെ തൊഴിൽ, ഉപജീവനമാർഗം, വിഭവ ഉൽപാദന രീതികൾ എന്നിവയുമായി ബന്ധപ്പെട്ട സി.എം.എഫ്.ആർ.ഐയുടെ ദേശീയ ഗവേഷണ പദ്ധതിയിലെ കണ്ടെത്തലുകൾ സി.എം.എഫ്.ആർ.ഐയിൽ നടന്ന ശിൽപശാലയിൽ അവതരിപ്പിച്ചു. സി.എം.എഫ്.ആർ.ഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ് സലീമാണ് ഗവേഷണ പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ.